**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 114** **01-02-2024 - ൽ മറുപടിയ്ക്ക്**

**സാഹസിക വിനോദസഞ്ചാര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഭൂപ്രകൃതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി സാഹസിക വിനോദസഞ്ചാരത്തിന്റെ ശ്രദ്ധേയമായ കേന്ദ്രമാക്കി സംസ്ഥാനത്തെ വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | എല്ലാ തരത്തിലുമുള്ള സാഹസിക വിനോദങ്ങൾക്കും സാധ്യമായ പ്രദേശമാണ് കേരളം. ഇത് ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി വൈവിധ്യങ്ങളായ സാഹസിക ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ജല സാഹസിക വിനോദ രംഗത്ത് പുത്തൻ ഉണർവ് പകരുന്നതിനായി സംസ്ഥാനത്തെ തീരപ്രദേശമുള്ള 9 ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. നിലവിൽ ബേപ്പൂർ, ബേക്കൽ, മുഴപ്പിലങ്ങാട്, താനൂർ, ചാവക്കാട്, വർക്കല, കുഴുപ്പിള്ളി എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ പ്രവർത്തിച്ചു വരുന്നു. ഈ വർഷം തന്നെ ആലപ്പുഴ, കൊല്ലം ജില്ലകളിലും പ്രവർത്തനം തുടങ്ങുന്നതാണ്.<br><br>സാഹസിക ടൂറിസത്തെ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി ഗ്ലാസ് ബ്രിഡ്ജ് എന്ന നൂതന സംരംഭം വാഗമണ്ണിൽ ആരംഭിച്ചു. സ്വകാര്യ പങ്കാളിത്തത്തോടെ ഇന്ത്യയിലെ ഏററവും വലിയ കാന്റി ലിവർ ഗ്ലാസ്സ് ബ്രിഡ്ജ് വൻതോതിൽ സഞ്ചാരികളെ ആകർഷിയ്ക്കുന്നു.<br><br>യൂറോപ്പിലും മറ്റു വിദേശ രാജ്യങ്ങളിലും പ്രചാരത്തിലുള്ള ഹൈക്കിംഗ് ട്രെയൽസ് കേരളത്തിലെ എല്ലാ ജില്ലകളിലും മാപ്പ് ചെയ്യുന്നതിന് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ലക്ഷ്യമിടുന്നു. ഹൈക്കിംഗ് ആക്ടിവിറ്റികളിൽ എല്ലാ ആളുകൾക്കും പങ്കെടുക്കാൻ കഴിയുന്നതു വഴി പ്രകൃതിയെ തൊട്ടറിയുന്നതിനുള്ള അവസരം സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ മൂന്നാറിലെ ലക്ഷ്മി എസ്റ്റേറ്റിലെ ട്രയലും ഇരവികുളം നാഷണൽ പാർക്കിലെ ആനമുടി ട്രയൽ റൂട്ടും ഹൈക്കിംഗിനായി |

| | | | |
|---|---|---|---|
| | | | മാപ്പിംഗ് നടത്തിക്കഴിഞ്ഞു. കേരളത്തിൽ എല്ലാ ജില്ലകളിലുമായി 100 ൽ പരം ഹൈക്കിംഗ് ട്രയൽസ് മാപ്പ് ചെയ്യുന്നതിനാണ് കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ലക്ഷ്യമിടുന്നത്.<br><br>സാഹസിക ടൂറിസം ഇനങ്ങളിൽ ഏററവും മുൻപന്തിയിൽ നിൽക്കുന്ന പരാഗ്ലൈഡിംഗ് നിലവിൽ വാഗമണ്ണിലും വർക്കലയിലും നടത്തിവരുന്നു. മൂന്നാറിലെ ചിന്നക്കനാൽ പ്രദേശത്ത് പരാഗ്ലൈഡിംഗിനും അനുകൂല കാലാവസ്ഥ ഉള്ളതിനാൽ, മൂന്നാറിനെ ഒരു സ്ഥിരം പാരാഗ്ലൈഡിംഗ് ഡെസ്റ്റിനേഷനായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നു.<br><br>വൈറ്റ് വാട്ടർ കയാക്കിംഗിനെ പ്രോത്സാഹിപ്പിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ പുലിക്കയത്ത് അന്തർദേശീയ കയാക്കിംഗ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം പൂർത്തീകരിച്ചു.<br><br>ജലസാഹസിക ടൂറിസം പ്രോത്സാഹിപ്പിയ്ക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ആദ്യ സർഫിംഗ് അക്കാഡമി ബേപ്പൂർ ഗോദീശ്വരത്ത് ആരംഭിച്ചു. ഉത്തരവാദിത്ത ടൂറിസം മിഷന്റേയും യുവസഹകരണ സംഘത്തിന്റേയും നേതൃത്വത്തിലാണ് അക്കാദമി പ്രവർത്തിക്കുന്നത് സർഫിംഗ് മേഖലയിൽ പ്രത്യേക പരിശീലനം നേടിയ 10 പേരെ അക്കാദമിയിൽ നിയോഗിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ പ്രത്യേക അഡ്വഞ്ചർ പാർക്ക് ആരംഭിച്ചു. ആക്കുളത്ത് ഗ്ലാസ് ബ്രിഡ്ജിനുള്ള നടപടികളും തുടരുന്നു. ഇതോടൊപ്പം വൈവിധ്യങ്ങളായ സാഹസിക ടൂറിസം ഫെസ്റ്റുകളും സംഘടിപ്പിയ്ക്കുന്നു. |
| (ബി) | പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടെയ്ൻ സൈക്കിളിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് എന്നീ സാഹസിക വിനോദങ്ങളിൽ അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട് . കേരളത്തിൽ അന്താരാഷ്ട്ര മൗണ്ടെൻ സൈക്ലിംഗ്, എം ടി ബി കേരള, അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ്, അന്താരാഷ്ട്ര സർഫിങ് ചാമ്പ്യൻഷിപ്പ് അന്താരാഷ്ട്ര പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ എന്നിവ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ കേരളത്തിൽ എവിടെയൊക്കെയാണ് അന്താരാഷ്ട്ര ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിച്ചത്; വിശദവിവരം ലഭ്യമാക്കാമോ; | (സി) | പൊൻമുടി- വിതുര- കല്ലാർ എന്നീ മേഖലകളിൽ മൗണ്ടെൻ സൈക്ലിംഗ്, കോടഞ്ചേരിയിൽ വൈറ്റ് വാട്ടർ കയാക്കിംഗ് എന്നീ ഫെസ്റ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ വർഷം വയനാട്ടിലെ പ്രിയദർശിനി എസ്റ്റേറ്റിൽ MTB കേരളയും |

| | | | |
|---|---|---|---|
| | | | വർക്കലയിൽ സർഫിംഗ് ഫെസ്റ്റിവലും വാഗമണ്ണിൽ പാരാഗ്ലൈഡിംഗ് ഫെസ്റ്റിവലും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ജലസാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ? | (ഡി) | ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ, സർഫിംഗ് അക്കാദമി, വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരം, ചാമ്പ്യൻസ് ബോട്ട് ലീഗ്, ജലകായിക വിനോദങ്ങൾ, ബേപ്പൂർ വാട്ടർ ഫെസ്റ്റ് തുടങ്ങിയ പരിപാടികൾ ജലസാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ